**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 565

09 /07/2012 - ൽ മറുപടിക്ക്

**ഒരു രൂപ നിരക്കിൽ അരി നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ്<br>ശ്രീ.പി.സി.ജോർജ് | | **ശ്രീ. അനൂപ് ജേക്കബ്.**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്ത് കിലോഗ്രാമിന് ഒരു രൂപാ നിരക്കിൽ അരി വിതരണം ചെയ്യുക വഴി എന്ത് തുകയുടെ അധിക ബാധ്യതയാണ് നാളിതു വരെ സർക്കാരിന് ഉണ്ടായിട്ടുള്ളത്. | (എ) | 2011 സെപ്റ്റംബർ 1 മുതൽ അരംഭിച്ച കിലോഗ്രാമിന് 1/- രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതിക്ക് 2011-12 വർഷത്തിൽ 164,04,65,200/- രൂപയുടെയും 2012-13 വർഷത്തിൽ 71,94,12,800/- രൂപയുടെയും ബാധ്യതയാണ് സബ്സിഡിയിനത്തിൽ സർക്കാരിനുണ്ടായിട്ടുള്ളത്. |
| ബി) | ഈ ഇനത്തിൽ പ്രതിവർഷം ഖജനാവിൽ നിന്ന് ചെലവഴിക്കപ്പെടേണ്ട തുക എത്രയാണ്; | (ബി) | ഒരു രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നതിന് നിലവിലുള്ള അലോട്മെന്റ് പ്രകാരം 2012-13 വർഷത്തിൽ 260.48 കോടി രൂപയുടെ ബാധ്യത സബ്സിഡിയിനത്തിൽ സർക്കാരിനുണ്ടാകും. |
| സി) | കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ അരി നൽകുന്ന ബൃഹത്തായ പദ്ധതിയിൽ കൂടുതൽ ആളുകളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) | നിലവിൽ എല്ലാ ബി.പി.എൽ/എ.എ.വൈ. കുടുംബങ്ങൾക്കും സർക്കാർ അംഗീകൃത അനാഥാലയങ്ങളിലെ അന്തേവാസികൾക്കുമാണ് 1/-രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നത്. ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ളതും എന്നാൽ നിലവിലെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്കും ബി.പി.എൽ. കാർഡുകൾ നൽകുന്ന പ്രക്രിയ തുടർന്നുവരികയാണ്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ജില്ലാകളക്ടർമാർക്കും നൽകിയിട്ടുണ്ട്. ഇതുപ്രകാരം പുതുതായി ബി.പി.എൽ. കാർഡുകൾ ലഭിക്കുന്നവർക്കും 1/- രൂപ നിരക്കിലുള്ള അരിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ